**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5092** **02-11-2021 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിലെ നെൽകൃഷി പ്രോത്സാഹന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല മണ്ഡലത്തിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിൽ നെൽകൃഷി പ്രോത്സാഹനവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | (എ) | പാറശ്ശാല മണ്ഡലത്തിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിൽ നെൽകൃഷി വികസനത്തിനായി നെൽകർഷകർക്ക് വിത്ത്, വളം, ഉഴവ് കൂലി എന്നിവക്ക് ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി സബ്സിഡി നൽകുന്നു. ത്രിതല പഞ്ചായത്തുകളുടെ സംയുക്ത ആഭിമുഖ്യത്തിൽ നടത്തുന്ന കേദാരം പദ്ധതിയിൽ ഉൾപ്പെടുത്തിയും നെൽകർഷകർക്ക് ഉഴവ് കൂലിയിന ത്തിൽ ആനുകൂല്യം നൽകുന്നുണ്ട്. കൂടാതെ കൃഷിവകുപ്പ് നടപ്പിലാക്കുന്ന സുസ്ഥിര നെൽകൃഷി വികസന പദ്ധതി, ഒരുപൂ ഇരുപൂ കൃഷി ആക്കുക പദ്ധതി, തനത് നെല്ലിനങ്ങളുടെ സംരക്ഷണം, മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലന പദ്ധതിയിൽ കുമ്മായ വിതരണം എന്നിവ നടപ്പിലാക്കി വരുന്നു. ഇതിൽ സുസ്ഥിര നെൽകൃഷി വികസനത്തിനായി 10.666 ഹെക്ടർ സ്ഥലത്തിന് 33,957/- രൂപ വിതരണം ചെയ്തിട്ടുണ്ട്. നെൽകൃഷിക്ക് കുമ്മായം വിതരണം ചെയ്യുന്നതിനായി 8 ഹെക്ടർ സ്ഥലത്തേക്ക് 14,256/- രൂപയും വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രദേശത്ത് ബ്രാൻഡ് റൈസ് മിൽ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (ബി) | ഇല്ല. എന്നാൽ 2021-22 വർഷത്തിൽ കൃഷി വകുപ്പ് "നെൽകൃഷി വികസന പദ്ധതി"യിൽ ഉൾപ്പെടുത്തി "പ്രോജക്ടടി സ്ഥാനത്തിൽ ബ്ലോക്ക് തല കൺവെർജെൻസ് ഉൾപ്പെടെയുള്ള പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, മിനി റൈസ് മിൽ, പാർ ബോയിലിങ്ങ് യൂണിറ്റ് എന്നിവ സ്ഥാപിക്കൽ" എന്ന ഘടകത്തിനായി ആകെ 70.00ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം 5.00 ലക്ഷം രൂപയിൽ താഴെ എസ്റ്റിമേറ്റ് വരുന്ന ഇത്തരം പ്രോജക്ട് പ്രൊപ്പോസലുകൾ ജില്ലാതല കമ്മിറ്റിയുടെ അംഗീകാരത്തോടെ നടപ്പിലാക്കാവുന്നതാണ്. അഞ്ചു ലക്ഷം രൂപയിലധികമുള്ള പ്രോജക്ട് പ്രൊപ്പോസ |

| | | | |
|---|---|---|---|
| | | | ശുകൾ ജില്ലാതല കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനതല കമ്മിറ്റിയുടെ അംഗീകാര ത്തോടെ നടപ്പിലാക്കാവുന്നതാണ്. |
| (സി) | നെൽകൃഷി പ്രോത്സാഹനവുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് മുഖേന ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; ഓരോന്നിന്റെയും വിശദാംശം അറിയിക്കാമോ; | (സി) | സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, ജനകീയാസൂത്രണം വഴി നടപ്പിലാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ എന്നിവയിലൂടെ നെൽകൃഷിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. 2021-22 വർഷത്തിൽ നെൽകർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ഡി) | സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി പാറശ്ശാല മണ്ഡലത്തിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും ഇതിനായി ഇതുവരെ എത്ര രൂപ ചെലവഴിച്ചുവെന്നും കൃഷിഭവൻ അടിസ്ഥാനത്തിലുള്ള കണക്ക് വിശദമാക്കാമോ? | (ഡി) | സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി പാറശ്ശാല മണ്ഡലത്തിൽ കൃഷി ഭവൻ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരം അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം 1**</u>

## 2021-22 വർഷത്തിൽ നെൽകർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ

<u>**I. നെൽകൃഷി വികസന പദ്ധതി :**</u> 2021-22 വർഷത്തിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കാൻ സംസ്ഥാനാവിഷ്കൃത നെൽകൃഷി വികസന പദ്ധതി പ്രകാരം നടപ്പിലാക്കുന്ന വിവിധ പദ്ധതി ഘടകങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

**A. സുസ്ഥിര നെൽകൃഷി വികസന പദ്ധതി :** സംസ്ഥാനാവിഷ്കൃത പദ്ധതിയായ നെൽകൃഷി വികസന പദ്ധതിയിലെ ഘടക പദ്ധതിയായ സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നെൽകൃഷിക്ക് അത്യുൽപാദനശേഷിയുള്ള നെൽവിത്ത്, വളം, ജൈവിക കീടരോഗ നിയന്ത്രണം മുതലായവയ്ക്കായി ഒരു ഹെക്ടറിന് 5500/- രൂപ നിരക്കിൽ വിതരണം ചെയ്യുന്നു. ഇതിനായി 8584.83734 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**B. നെൽകൃഷി വികസന ഏജൻസികൾക്കുള്ള ഫണ്ട്-** സംസ്ഥാനത്തുള്ള പത്ത് നെൽകൃഷി വികസന ഏജൻസികൾക്ക് അവരുടെ പ്രവർത്തന ചെലവുകൾക്കും പ്രോജക്ട് അധിഷ്ഠിത പ്രവർത്തനങ്ങൾക്കും തുക അനുവദിക്കുന്നതിന് നെൽകൃഷി വികസന പദ്ധതിയിൽ 68.16266 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**C. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം -** പദ്ധതി പ്രകാരം പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, ബസ്മതി) വികസനത്തിനായി ഹെക്ടറിന് 10000/- രൂപ സബ്സിഡി നിരക്കിൽ 500 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കുന്നതിന് 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**D. പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി-** പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 83334 ഹെക്ടറിൽ നടപ്പിലാക്കുന്നതിന് സഹായധനം നൽകുന്നതിന് വേണ്ടി 300 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.

**E. കരനെൽകൃഷി വികസനം-** കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 13600/- രൂപ നിരക്കിൽ 404.41 ഹെക്ടറിൽ നടപ്പിലാക്കുന്നതിന് 55 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**F. തരിശുനില കൃഷി -**തരിശ് നെൽകൃഷിക്കായി സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി ഒന്നാം വർഷം ഹെക്ടറൊന്നിനു ആകെ 40,000/- രൂപ (35,000/- രൂപ കർഷകനും, 5,000/- രൂപ ഭൂവുടമകൾക്കും)സഹായധനമായി നൽകുന്നു. ഇതിനായി നെൽകൃഷി വികസന പദ്ധതിയിൽ ഘടക പദ്ധതിയായ തരിശ് നെൽകൃഷിക്ക് വേണ്ടി 300 ലക്ഷം രൂപ 750 ഹെക്ടറിൽ നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി നീക്കി വെച്ചിട്ടുണ്ട്.

**G. ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി -** ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിനായി ഹെക്ടറൊന്നിനു 10000 രൂപ നിരക്കിൽ 500 ഹെക്ടറിൽ നടപ്പിലാക്കുന്നതിന് 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**H. നെൽവയലുകളുടെ ഉടമസ്ഥർക്ക് റോയൽറ്റി -** നെൽവയലുകൾ അതേപടി നിലനിർത്തുന്നതിനും തരം മാറ്റുന്നത് തടയുന്നതിനും നെൽകൃഷിയുടെ പ്രോത്സാഹനത്തിനുമായി നെൽവയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 2000 രൂപ നിരക്കിൽ റോയൽറ്റി നൽകുന്നു. ഇതിനായി നെൽകൃഷി വികസന പദ്ധതിയിൽ 1500 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.

**I. പരമ്പരാഗത നെൽകൃഷി മേഖലകളിലെ നെൽകൃഷിക്ക് പ്രത്യേക ധനസഹായം -** പരമ്പരാഗത നെൽകൃഷി മേഖലകളായ കരി, പൊക്കാളി, കയ്പാട് എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പദ്ധതിയധിഷ്ഠിതമായുള്ള നെൽകൃഷി വികസന പ്രവർത്തനങ്ങൾക്ക് 136 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**J. ഓപ്പറേഷൻ കോൾ ഡബിൾ :** കോൾ മേഖലയിലെ പ്രോജക്ടാധിഷ്ഠിതമായുള്ള നെൽകൃഷി വികസനത്തിന് 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതിപ്രകാരം 2021-22 വർഷം നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

| **ക്രമ നം.** | **ഇനം** | **തുക (ലക്ഷം രൂപ)** |
|---|---|---|
| 1 | പമ്പ്സെറ്റ് ഉൾപ്പെടെയുള്ള മെഷിനറികൾ വാങ്ങി സ്ഥാപിക്കുന്നതിന് | 35 |
| 2 | ബണ്ടുകളുടെയും സ്ലൂയിസുകളുടെയും അറ്റകുറ്റപ്പണി | 15 |
| 3 | 1000 ഹെക്ടറിൽ ഇരുപ്പൂ നെൽകൃഷി ചെയ്യുന്നതിന് (ഹെക്ടറിന് 10000 രൂപ പ്രകാരം) ആനുകൂല്യം | 100 |
| 4 | ഒന്നാം വിള നെൽകൃഷിക്ക് ശേഷം രണ്ടാം വിളയായി പയർ/ ചോളം/എണ്ണക്കുരു വിളകൾ 400 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 10000 രൂപ പ്രകാരം ആനുകൂല്യം | 40 |
| 5 | വൈദ്യുതി കണക്ഷൻ / ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് | 5 |
| 6 | നിർവ്വഹണച്ചെലവ് | 5 |
| | **ആകെ** | **200** |

**K. പ്രകൃതിക്ഷോഭത്തിന്റെ പശ്ചാത്തലത്തിൽ പാടശേഖരങ്ങളിലെ അടിയന്തിര അടിസ്ഥാനസൗകര്യ പ്രവർത്തനങ്ങൾക്കുള്ള ധനസഹായം :** പ്രകൃതിക്ഷോഭത്തിന്റെ പശ്ചാത്തലത്തിൽ പാടശേഖരങ്ങളോടനുബന്ധിച്ച കനാലുകളിലെ തടസ്സങ്ങൾ നീക്കൽ, പമ്പ് സെറ്റിന്റെയും മറ്റ് മെഷിനറികളുടെയും റിപ്പയർ മുതലായ അടിയന്തിര പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് 50 ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ട്.

**L. പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസനം റൈസ് മിൽ സ്ഥാപിക്കൽ ബ്ലോക്ക് ലെവൽ കൺവെർജെൻസ് :** പാടശേഖരസമിതികളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പ്രോജക്ട് അധിഷ്ഠിതമായി നടപ്പിലാക്കുന്നതിന് 70 ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ട്. പദ്ധതി പ്രകാരം 5 ലക്ഷം വരെയുള്ള പ്രവൃത്തികൾ ജില്ലാ തലത്തിലുള്ള സമിതിയും അഞ്ചു ലക്ഷത്തിലധികമായ പ്രവൃത്തികൾക്ക് ജില്ലാതല സമിതിയുടെ ശുപാർശയോടെ സംസ്ഥാനതല സമിതിയുമാണ് അംഗീകാരം നൽകുന്നത്.

## 2. മറ്റ് പദ്ധതികൾ

- മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലന പദ്ധതിയിൽ (Soil and Root Health Management) ഉൾപ്പെടുത്തി മണ്ണിന്റെ അമ്ലത്വം കുറച്ച് നെല്ലിന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് കുമ്മായം ചേർക്കുന്നതിന് ഹെക്ടറിന് 5400 രൂപ വീതം സബ്സിഡി നൽകി വരുന്നു (600 കിലോഗ്രാം / ഹെക്ടർ - ഒരു കിലോയ്ക്ക് 75% സബ്സിഡി പരമാവധി 9/- രൂപ).

- നോൺ പ്ലാൻ (പദ്ധതിയേതരം) ഇനത്തിൽ ഉൾപ്പെടുത്തി നെല്ലിന്റെ ഉത്പാദന ബോണസ് ആയി ഓരോ സീസണിലെ നെൽകൃഷിക്കും ഹെക്ടറിന് 1000 രൂപ നൽകുന്നു.

- നോൺ പ്ലാൻ (പദ്ധതിയേതരം) ഇനത്തിൽ ഉൾപ്പെടുത്തി നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റു വിളകൾക്ക് 2 ഹെക്ടർ വരെയും ജലസേചനത്തിന് വൈദ്യുതി സൗജന്യമായി അനുവദിച്ച് വരുന്നു.

**3. കേന്ദ്രാവിഷ്കൃത പദ്ധതികൾ**

നെൽകൃഷിയുടെ വികസനത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന, എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി പാലക്കാട് ജില്ലയിലാണ് നടപ്പിലാക്കുന്നത്. 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവും ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതിപ്രകാരം പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കുക, വിത്ത് വിതരണം, മണ്ണ് സംരക്ഷണം, സൂക്ഷ്മ മൂലകങ്ങളുടെ വിതരണം, സസ്യ സംരക്ഷണം, കാർഷികയന്ത്രോപകരണങ്ങൾ, ഗ്രൂപ്പടിസ്ഥാനത്തിലുള്ള പ്രാദേശിക സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്കാണു ആനുകൂല്യം നൽകുന്നത്. 2021-22 വർഷത്തിൽ 88.00 ലക്ഷം രൂപയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളത്.

രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിലെ **Productivity Improvement of Paddy in Kerala** എന്ന ഘടകത്തിൽ അത്യുല്പാദനശേഷിയുള്ള നെൽ വിത്തിനും, കുമ്മായ വസ്തുക്കളുടെയും സൂക്ഷ്മമൂലക വളങ്ങളുടെയും ഉപയോഗത്തിനും, സംയോജിത കീട നിയന്ത്രണത്തിനും, കാർഷിക യന്ത്രവൽകരണത്തിനും ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി ഹെക്ടറൊന്നിന് 4500/- രൂപ ധനസഹായം നൽകുന്നതിനും നെല്ലിന്റെ മൂല്യ വർദ്ധനവിനായി മിനി റൈസ് മിൽ സ്ഥാപിക്കുന്നതിനും സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിനും ആയി 50 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 4100 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുള്ളത് കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്.

**4. ജനകീയാസൂത്രണം :**

ജനകീയാസൂത്രണത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിവിധ നെൽ കൃഷി വികസന പദ്ധതികളിൽ ഉൾപ്പെടുത്തി ഉഴവുകൂലിക്കും മറ്റ് ഉത്പാദനോപാധികൾക്കുമായി ഒരു ഹെക്ടറിന് പരമാവധി 22000 രൂപയുടെ ആനുകൂല്യം കർഷകർക്ക് ലഭിക്കുന്നുണ്ട്.

**അനുബന്ധം 2**

| I. ആർ.കെ.വി.വൈ. തരിശു കൃഷി 2020-21 | | | | | | |
|---|---|---|---|---|---|---|
| **ക്രമ നം.** | **പദ്ധതി** | **കൃഷി ഭവൻ** | **ഭൗതിക ലക്ഷ്യം (ഹെക്ടർ)** | **ഭൗതിക നേട്ടം (ഹെക്ടർ)** | **സാമ്പത്തിക ലക്ഷ്യം (രൂപ)** | **സാമ്പത്തിക നേട്ടം (രൂപ)** |
| 1 | ആർ.കെ.വി.വൈ. തരിശു കൃഷി വാഴ | ആര്യങ്കോട് | 0.3552 | 0.3552 | 11544 | 11544 |
| 2 | | കള്ളിക്കാട് | 0.78 | 0.78 | 27300 | 27300 |
| 3 | | പെരുങ്കടവിള | 6 | 6 | 210000 | 210000 |
| 4 | | ഒറ്റശ്ശേഖരമംഗലം | 1 | 1 | 35000 | 35000 |
| 5 | | കൊല്ലയിൽ | 0.5624 | 0.5624 | 18000 | 18000 |
| 6 | | അമ്പൂരി | 0.5 | 0.5 | 17500 | 17500 |
| 7 | | ആര്യങ്കോട് | 0.36 | 0.36 | 12600 | 12600 |
| 8 | | പാറശ്ശാല | 2.6 | 2.6 | 87772 | 87772 |
| | **ആകെ** | | **12.1576** | **12.1576** | **419716** | **419716** |
| 9 | ആർ.കെ.വി.വൈ. തരിശു കൃഷി പച്ചക്കറി | കള്ളിക്കാട് | 2.08 | 2.08 | 83200 | 83200 |
| | **ആകെ** | | **2.08** | **2.08** | **83200** | **83200** |
| 10 | ആർ.കെ.വി.വൈ. തരിശു കൃഷി കിഴങ്ങുവർഗ്ഗം | കള്ളിക്കാട് | 0.4 | 0.4 | 12000 | 12000 |
| | | പെരുങ്കടവിള | 4.53 | 4.53 | 135900 | 135900 |
| | | അമ്പൂരി | 0.5 | 0.5 | 15000 | 15000 |
| | | പാറശ്ശാല | 1.8 | 1.8 | 53040 | 53040 |
| | **ആകെ** | | **7.23** | **7.23** | **215940** | **215940** |

| | | | | | | |
|---|---|---|---|---|---|---|
| 11 | ആർ.കെ.വി.വൈ. തരിശു കൃഷി പയറുവർഗ്ഗം | പാറശ്ശാല | 0.2 | 0.2 | 5400 | 5400 |
| | **ആകെ** | | **0.2** | **0.2** | **5400** | **5400** |
| 12 | ആർ.കെ.വി.വൈ. തരിശു കൃഷി ചെറുധാന്യം | പാറശ്ശാല | 0.308 | 0.308 | 9240 | 9240 |
| | **ആകെ** | | **0.308** | **0.308** | **9240** | **9240** |
| | **ആർ.കെ.വി.വൈ. തരിശു കൃഷി (ജനറൽ)** GRAND TOTAL | | **21.9756** | **21.9756** | **733496** | **733496** |
| 13 | ആർ.കെ.വി.വൈ. തരിശു കൃഷി- വാഴ (റ്റി.എസ്.പി.) | കള്ളിക്കാട് | 0.58 | 0.58 | 20000 | 20000 |
| 14 | ആർ.കെ.വി.വൈ. തരിശു കൃഷി - കിഴങ്ങുവർഗ്ഗം (റ്റി.എസ്.പി.) | അമ്പൂരി | 1 | 1 | 30000 | 30000 |
| | **ആർ.കെ.വി.വൈ. തരിശു കൃഷി (റ്റി.എസ്.പി) GRAND TOTAL** | | **1.58** | **1.58** | **50000** | **50000** |
| 15 | ആർ.കെ.വി.വൈ. തരിശു കൃഷി-വാഴ (എസ്.സി.പി) | ഒറ്റശ്ശേഖര മംഗ ലം | 1 | 1 | 35000 | 35000 |
| | | കൊല്ലയിൽ | 0.44 | 0.44 | 14000 | 14000 |
| | | കുന്നത്തുകാൽ | 0.6 | 0.6 | 21000 | 21000 |
| 16 | ആർ.കെ.വി.വൈ. തരിശു കൃഷി -പച്ചക്കറി (എസ്.സി.പി) | പെരുങ്കടവിള | 0.875 | 0.875 | 35000 | 35000 |

| | | | | | | |
|---|---|---|---|---|---|---|
| | **ആർ.കെ.വി.വൈ. തരിശു കൃഷി (എസ്.സി.പി) GRAND TOTAL** | | **2.815** | **2.815** | **105000** | **105000** |

| **II സുഭിക്ഷ കേരളം ആഴ്ച ചന്തകൾ 2020-21** | | | | | | |
|---|---|---|---|---|---|---|
| 1 | പുതിയ ചന്തകൾ | ആര്യങ്കോട് | 1 | 1 | 40000 | 40000 |
| | | കള്ളിക്കാട് | 1 | 1 | 40000 | 40000 |
| | | അമ്പൂരി | 1 | 1 | 40000 | 40000 |
| | | കുന്നത്തുകാൽ | 1 | 1 | 40000 | 40000 |
| | | കൊല്ലയിൽ | 1 | 1 | 40000 | 40000 |
| | | പെരുങ്കടവിള | 1 | 1 | 40000 | 40000 |
| 2 | നിലവിലുള്ള ചന്തകളുടെ ശാക്തീകരണം | ഒറ്റശേഖര മംഗലം | 1 | 1 | 40000 | 40000 |
| | | വെള്ളറട | 1 | 1 | 40000 | 40000 |
| | | പെരുങ്കടവിള | 1 | 1 | 40000 | 40000 |
| | **ആകെ** | | **9** | **9** | **360000** | **360000** |

**സുഭിക്ഷ കേരളം പച്ചക്കറി വികസന പദ്ധതി 2021-22**

| | | | | | | |
|---|---|---|---|---|---|---|
| 1 | പച്ചക്കറി തരിശുകൃഷി | പെരുങ്കടവിള | 1 | 1 | 40000 | 40000 |
| 2 | മഴമറ | ആര്യങ്കോട് | 1 | | 50000 | നടപ്പിലാക്കുന്നു |
| | **ആകെ** | | | | **90000** | **40000** |

**സുഭിക്ഷ കേരളം കിഴങ്ങുവർഗ്ഗവിളകൾ 2021-22**

| | | | | | |
|---|---|---|---|---|---|
| കിഴങ്ങുവർഗ്ഗ ഇടവിളകൃഷി | ഒറ്റശേഖര മംഗലം | 0.5 | | 5000 | പദ്ധതി നടപ്പിലാക്കി വരുന്നു. |
| | കള്ളിക്കാട് | 0.5 | | 5000 | |
| | അമ്പൂരി | 0.5 | | 5000 | |
| | വെള്ളറട | 0.5 | | 5000 | |
| | കൊല്ലയിൽ | 0.5 | | 5000 | |
| | പെരുങ്കടവിള | 0.5 | | 5000 | |
| | പാറശ്ശാല | 0.6 | | 6000 | |
| | കുന്നത്തുകാൽ | 0.5 | | 5000 | |
| **ആകെ** | | | | **41000** | **41000** |